പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **T1368** **14. 06. 2013-** ലെ മറുപടി

<u>നിതാഖത്ത് പ്രശ്നം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ)നിതാഖത്ത് പ്രശ്നവുമായി ബന്ധപ്പെട്ട് പ്രവാസ ജീവിതം അവസാനിപ്പിക്കേണ്ടി വന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) പ്രവാസ ജീവിതം അവസാനിപ്പിച്ച് തിരികെയെത്തുന്ന പ്രവാസി മലയാളികൾക്കായി ഒരു സമഗ്ര പുനരധിവാസ പദ്ധതി രൂപീകരിക്കുന്നതിന് നോർക്ക വകുപ്പ് മന്ത്രി ചെയർമാനായും ചീഫ് സെക്രട്ടറി കൺവീനറായും ഒരു നിയമസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി INKEL ചെയർമാൻ അധ്യക്ഷനായും നോർക്ക വകുപ്പ് സെക്രട്ടറി കൺവീനറായും 10 അംഗങ്ങൾ അടങ്ങുന്ന ഒരു വിദഗ്ദ്ധസമിതിയെ ശാസ്ത്ര സാങ്കേതിക കച്ചവട തൊഴിൽ മേഖലകളെ വിശകലനം ചെയ്തുകൊണ്ട് ദീർഘ വീക്ഷണത്തോട് കൂടിയ പുനരധിവാസ പദ്ധതികൾ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തി. ഈ സമിതി പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലാണ്. |
| (ബി)നിതാഖത്ത് പ്രശ്നവുമായി ബന്ധപ്പെട്ട് പ്രവാസ ജീവിതം അവസാനിപ്പിക്കേണ്ടി വന്ന എത്ര പേർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ? | (ബി) നിതാഖത്തിനോടനുബന്ധിച്ച് സംസ്ഥാനത്തെ മൂന്ന് വിമാനത്താവളങ്ങളിലും നോർക്ക റൂട്ട്സ് ഏർപ്പെടുത്തിയ ഹെൽപ്പ് ഡെസ്കുകളിലായി നാളിതുവരെ ഏകദേശം 6000 ഓളം തിരികെയെത്തിയ പ്രവാസികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലഭ്യമായ വിവരപ്രകാരം തിരികെയെത്തിയ പ്രവാസികൾ പൂരിപ്പിച്ചു നൽകിയ വിവരശേഖരണ പട്ടികയിൽ വെളിപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ അനുസരിച്ച് തിരികെയെത്തിയ പ്രവാസികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 567 |
| 2 | കൊല്ലം | 703 |
| 3 | പത്തനംതിട്ട | 121 |
| 4 | ആലപ്പുഴ | 229 |
| 5 | കോട്ടയം | 60 |
| 6 | ഇടുക്കി | 20 |
| 7 | എറണാകുളം | 105 |
| 8 | തൃശ്ശൂർ | 153 |
| 9 | പാലക്കാട് | 190 |
| 10 | മലപ്പുറം | 1226 |
| 11 | കോഴിക്കോട് | 373 |
| 12 | വയനാട് | 60 |
| 13 | കണ്ണൂർ | 145 |
| 14 | കാസർകോഡ് | 33 |

സെക്ഷൻ ഓഫീസർ